വിവരാവകാശം/മറുപടി

നം. ഇ8- 36646/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 16/11/2016
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ശ്രീ. തോമസ് എ.എസ്
അക്കര ഹൗസ്
റെയിൽവേ സ്റ്റേഷൻ പി.ഒ
വടക്കാഞ്ചേരി വഴി
തൃശ്ശൂർ 680 623

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 26/10/2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 09/07/2002 ലെ ഇ6-11080/02 നമ്പർ ഫയൽ ലഭ്യമല്ല. സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.
2. 09/07/2002 ലെ വിവരങ്ങൾ (തൃശ്ശൂർ ജില്ലയിലെ ഡ്രൈവർ തസ്തികകളുടെ എണ്ണം) 15 വർഷത്തിനു ശേഷം നൽകുന്നതിനാവശ്യമായ രേഖകൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു.
3. 09/07/2002 ൽ തൃശ്ശൂർ ജില്ലയിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകളുടെ എണ്ണവും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.
4. 10/07/2002 മുതൽ 20/12/2014 വരെ തൃശ്ശൂർ ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ആകെ ഉണ്ടായ ഒഴിവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.
   തൃശ്ശൂർ ജില്ലയിൽ 2011 ൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒരു ഒഴിവ് പി.എസ്.സി ശുപാർശ പ്രകാരം നിയമനം നടത്തിയിട്ടുണ്ട്.
5. മറ്റ് ജില്ലകളിലേയ്ക്ക് പുനർ വിന്യസിക്കപ്പെട്ട ജീവനക്കാർ എന്ന് ഉദ്ദേശിക്കുന്നത് ഏത് തസ്തികയിൽ ഉള്ളവരാണെന്ന് വ്യക്തമല്ല. വകുപ്പിൽ നിന്നും ജില്ലാന്തര തലത്തിൽ ക്ലർക്ക് തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന 16 ജീവനക്കാരെ സർക്കാർ

Dh/-

ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർവിന്യസിച്ചിട്ടുണ്ട്. 2008 ൽ പുനർ വിന്യസിച്ച ജീവനക്കാരെ തിരികെ വകുപ്പിലേക്ക് നിയമിച്ച് ഇതു വരെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ അവർ പുനർ വിന്യാസത്തിൽ തുടർന്ന് വരുന്നു.

6. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.
7. പുനർവിന്യാസം റദ്ദാക്കി തൃശ്ശൂർ ജില്ലയിൽ നിയമനം ലഭിക്കുന്നതിനായി ശ്രീ. M.D ഡേവിഡ് സമർപ്പിച്ച അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല.
8. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.
9. ശ്രീ. M.D. ഡേവിഡ് ന്റെ സേവന പുസ്തകം പരിശോധിച്ച് മറുപടി നൽകുന്നതിന് വെള്ളാങ്കല്ലൂർ CDPO യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
   29/06/2017 ലെ സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.
10. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ എന്ന മേൽ വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

S. L ശ്യാം ശങ്കർ,
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക്
ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

Recd 23/11/17

Dh/-